# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്(3)

**2023 ഒക്ടോബർ 31**

---

എം.ജിയിൽ കൊറിയ സെന്റർ പ്രവർത്തനമാരംഭിച്ചു

## ഇന്ത്യയുമായുള്ള സഹകരണത്തിൽ പുതു സാധ്യതകൾ -ദക്ഷിണ കൊറിയൻ അംബാസഡർ

മാറുന്ന ആഗോള സാഹചര്യം ഇന്ത്യ- ദക്ഷിണ കൊറിയ സഹകരണത്തിൽ പുതുസാധ്യതകൾ തുറന്നു നൽകുന്നുണ്ടെന്ന് ഇന്ത്യയിലെ ദക്ഷിണ കൊറിയൻ അംബാസഡർ ചാംഗ് ജീ ബോക്ക് പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ കൊറിയ സെന്ററിന്റെ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ ഇരു രാജ്യങ്ങളും തമ്മിൽ വിവിധ മേഖലകളിൽ സഹകരിച്ചുവരുന്നു. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മേഖലകളിലെ പങ്കാളിത്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാകണം. ദക്ഷിണേന്ത്യയിലെ ആദ്യത്തെ കൊറിയ സെന്റർ ആരംഭിച്ചത് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ദീർഘവീക്ഷണത്തോടെയുള്ള ചുവടുവയ്പ്പാണെന്ന് അദ്ദേഹം വിലയിരുത്തി.

കൊറിയ സെന്റർ സർവകലാശാലയ്ക്ക് ദക്ഷിണ കൊറിയൻ വിദ്യാഭ്യാസ കേന്ദ്രങ്ങളുമായുള്ള സഹകരണത്തിനുള്ള വേദികൂടിയാകുമെന്ന് ഉദ്ഘാടനം നിർവഹിച്ച വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.

സെന്ററിന്റെ സ്കോളർ ഇൻ റസിഡൻസ് ആയ കൊറിയയിലെ കിം ദേ ജംഗ് അക്കാദമി ഓഫ് പൊളിറ്റിക്സ് ചെയർമാൻ ഡോ. പെയ്ക് ഹാക്സൂൺ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് മേധാവി ഡോ. സി. വിനോദൻ, കൊറിയ സെന്റർ ഹോണററി ഡയറക്ടർ ഡോ. ജോജിൻ വി. ജോൺ തുടങ്ങിയവർ സംസാരിച്ചു.

ഫോട്ടോ ക്യാപ്ഷൻ..

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ കൊറിയ സെൻ്ററിൻ്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു. സെൻ്റർ ഡയറക്ടർ ഡോ. ജോജിൻ വി. ജോൺ, സ്കോളർ ഇൻ റസിഡൻസ് ഡോ. പെയ്ക് ഹാക്സൂൺ, ഇന്ത്യയിലെ ദക്ഷിണ കൊറിയൻ അംബാസഡർ ചാംഗ് ജീ ബോക്ക്, സ്കൂൾ ഓഫ് ഇൻ്റർനാഷണൽ റിലേഷൻസ് ആൻ്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ എന്നിവർ സമീപം
(പി.ആർ.ഒ/39/1307/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**